## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 567

29.10.2019 ൽ മറുപടിക്ക്

### വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. പി.കെ. ശശി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി വ്യവസായങ്ങൾക്ക് അനുമതി നൽകുന്നതിനായി കേരള നിക്ഷേപ പ്രോത്സാഹന ബ്യൂറോ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) (ബി) & (സി) | മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>അതോടൊപ്പം തന്നെ നിലവിലുള്ള 1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിയമപരമായ അനുമതി വൈകുന്നത് കാരണം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പത്ത് കോടി രൂപ വരെ മുതൽ മുടക്ക് ഉള്ളതും മലിനീകരണം വലിയ തോതിൽ ഇല്ലാത്തതുമായ വ്യവസായങ്ങൾ ലൈസൻസോ പെർമിറ്റോ ഇല്ലാതെ തുടങ്ങാൻ സാധിക്കും വിധം നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | | |
| (സി) | വ്യവസായ നിക്ഷേപം ആകർഷിക്കാനും വ്യവസായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാലതാമസം കൂടാതെ പരിഹരിക്കാനും ഉന്നതതല നിക്ഷേപ ഉപദേശക കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ